ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/CIR/10.2025 December 31, 2025

സർക്കുലർ

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ, പ്രിയപ്പെട്ട സിസ്റ്റേഴ്സ്, ഇടവകയിലെ പ്രിയപ്പെട്ട എന്റെ ദൈവജനമേ;

കഴിഞ്ഞ ഒരു വർഷക്കാലം നമ്മൾ ജൂബിലി വർഷമായിട്ട് കൊണ്ടാടുകയായിരുന്നു. നമ്മുടെ ദേവാലങ്ങളിൽ പലതും തീർത്ഥാടക കേന്ദ്രങ്ങളായി പ്രഖ്യാപിക്കുകയുണ്ടായി. കൂടാതെ, ജൂബിലിയുമായി ബന്ധപ്പെട്ട പ്രാർത്ഥനകളും മറ്റ് അനുഷ്ഠാനങ്ങളും നമ്മുടെ ദേവാലയങ്ങളിൽ നടക്കുകയുണ്ടായി. അപരനിലേക്ക് കൈകൾ നീട്ടി അവരെ സഹായിക്കുവാനായിട്ട് നമ്മൾ ഏറ്റെടുത്ത എല്ലാ കാര്യങ്ങളും ദൈവസന്നിധിയിൽ മഹത്വീകൃതമാകട്ടെ എന്ന് പ്രത്യേകമായി പ്രാർത്ഥിക്കുകയാണ്.

നിങ്ങൾക്ക് അറിയാവുന്നതുപോലെ ജനുവരി 6-ാം തീയതി ചൊവ്വാഴ്ച സഭയിലെ ദനഹാ തിരുനാളാണ്. അന്നാണ് ജൂബിലി സമാപിക്കുന്നതും, ലിയോ 13-ാം മാർപാപ്പ അതുമായി ബന്ധപ്പെട്ട വാതിലുകൾ അടയ്ക്കുകയും ചെയ്യുന്നതും. ഇനി അടുത്ത 25 വർഷം കഴിയുമ്പോഴാണ് ജൂബിലി വീണ്ടും സമാഗതമാകുന്നത്. ആ ജൂബിലി കാണുവാനായിട്ട് നമുക്ക് ആരോഗ്യവും ആയുസും ഉണ്ടാകട്ടെയെന്ന് പ്രത്യേകമായി പ്രാർത്ഥിക്കുന്നു. നമ്മുടെ ദേവാലയങ്ങളിൽ ഇതിനോടനുബന്ധിച്ച് (4-ാം തീയതിയോ 6-ാം തീയതിയോ) ഇടവക ദേവാലയങ്ങളിൽ കൂടുതലായി ആളുകൾ വരിക ഞായറാഴ്ചയാണല്ലോ. അപ്പോൾ അന്ന് നമ്മുടെ ജൂബിലി വർഷം സമാപിപ്പിക്കുന്ന കാര്യങ്ങൾ ചെയ്യുവാനായിട്ട് വൈദികരും കൈക്കാരന്മാരും താൽപര്യമെടുക്കണമെന്ന് അപേക്ഷിക്കുകയാണ്. ജൂബിലിയുമായി ബന്ധപ്പെട്ട് നമ്മുടെ അൾത്താരയിൽ നമ്മൾ വച്ചിട്ടുള്ള കുരിശുകളും മറ്റുമെല്ലാം നീക്കം ചെയ്യുവാനും, പള്ളിയിൽ അതേക്കുറിച്ച് ആളുകളോട് അറിയിക്കുവാനും, പ്രാർത്ഥനകൾ ചൊല്ലുന്നുണ്ടെങ്കിൽ ആ പ്രാർത്ഥനകൾ ജൂബിലിയുടെ സമാപനമായതുകൊണ്ട് അവസാനിപ്പിക്കുവാനുമായിട്ടും നിങ്ങൾ ആവശ്യമായ നടപടി ക്രമങ്ങളെല്ലാം ഏറ്റെടുക്കുമല്ലോ.

നമ്മൾ 6 ഫൊറോനാ ദേവാലയങ്ങളാണ് തീർത്ഥാടനകേന്ദ്രങ്ങളായി പ്രഖ്യാപിച്ചിരുന്നത്. ജൂബിലിയുമായി ബന്ധപ്പെട്ട തീർത്ഥാടനകേന്ദ്രങ്ങളെ നമ്മൾ ദനഹാതിരുനാളിനോട് ചേർന്ന് സമാപിപ്പിക്കുകയാണ്. ഈ വർഷം നിങ്ങൾ നൽകിയ എല്ലാ സ്നേഹത്തിനും സേവനത്തിനും പ്രത്യേകമായി നന്ദിപറയുന്നു. 2026 നല്ലൊരു വർഷമായിരിക്കട്ടെ എന്ന് പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവം മക്കളെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

സെബാസ്റ്റ്യൻ പിതാവ്

ഈ സർക്കുലർ 2025 December 31-ാം തീയതിയും 2026 January 1-ാം തീയതിയും നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കുകയും സോഷ്യൽ മീഡിയ വഴി പരമാവധി ഷെയർ ചെയ്യാനും ശ്രദ്ധിക്കുമല്ലോ.